പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6106 — 04.07.2019-ൽ മറുപടിക്ക്

## കുന്നത്തുനാട് വില്ലേജിൽ സ്ഥലം നികത്തുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>,, പി.ടി. തോമസ്<br>,, കെ.സി.ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കുന്നത്തുനാട് വില്ലേജിൽ 15 ഏക്കർ സ്ഥലം നികത്തുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് വകുപ്പ് മന്ത്രി മരവിപ്പിച്ചിരുന്നോ യെന്ന് വ്യക്തമാക്കാമോ; | (എ) കുന്നത്ത് നാട്ടിൽ Speaks Properties Ltd എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിനും അനുമതി നൽകി ക്കൊണ്ടും 31.01.2019-ലെ സ.ഉ(സാധാ) 337/19/റവ നം. ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 08.05.2019-ലെ സ.ഉ (സാധാ) 1090/19/റവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത നടപടിയിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി യിരുന്നോ; | (ബി) ഇല്ല |
| (സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോ പദേശത്തിന്റെ അടിസ്ഥാനത്തിൽ കളക്ടർ സ്വീകരിച്ച നടപടി വീണ്ടും നിയമോപദേശത്തിനയക്കാനുണ്ടാ യ സാഹചര്യം വെളിപ്പെടുത്തുമോ; | (സി) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോ പദേശമാണ് കളക്ടർക്ക് ലഭിച്ചിരുന്നത്. |
| (ഡി) പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) 08.05.2019-ലെ സ.ഉ(സാധാ) 1090/19/റവ നം.ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം സ്വീകരിക്കുകയുമുണ്ടായി. ടി നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്ന തിന്റെ ഭാഗമായി, കേരള സ്റ്റേറ്റ് എൻവയോൺമെന്റൽ & റിമോട്ട് സെൻസിങ് സെന്ററിൽ നിന്നും ഉപഗ്രഹചിത്രങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ